LIBRARY ARCHIVES Kerala Legislative Assembly

ഫോർമുല പ്രകാരം) ആൽക്കഹോൾ ബേസ്ഡ് സാനിറ്റൈസർ ഉൽപ്പാദിപ്പിച്ച് 2020 മാർച്ച് മുതൽ വിതരണം ചെയ്യുവരുന്നു. കൂടാതെ മറ്റൊര് പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡും T-secure എന്ന പേരിൽ കുറഞ്ഞ നിരക്കിൽ സാനിറ്റൈസർ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കെ.എസ്.ഐ.ഇ.-യുടെ കേരള സോപ്സ് ഡിവിഷൻ ഹാൻഡ് വാഷ് ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് കൺസ്യൂമർ ഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾവഴി ന്യായമായ വിലയ്ക്ക് വിപണനം ചെയ്യുന്നു. ഹാൻഡ് വാഷിന്റെ ഉൽപ്പാദനം വിപുലീകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ പരിഗണിച്ച് 250 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിപുലീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് വീണ്ടും കഴുകി ഉപയോഗിക്കാവുന്ന ഒരു ലെയർ തുണി മാസ്കുകളും വൈറസിനേയും ബാക്ടീരിയകളേയും തടയുവാനും അവയെ നിർവീര്യമാക്കുവാനും തുണിയിൽ പ്രത്യേകം ആന്റിമൈക്രോബിയൽ ട്രീറ്റ്മെന്റുകൾ നടത്തിയ മൂന്ന് ലെയറുള്ള തുണി മാസ്കുകളും കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ഹാൻവീവ്/ഹാൻടെക്സ് മുഖേന ഗുണമേന്മയുള്ള മാസ്കുകൾ നിർമ്മിച്ച് വിതരണം ചെയ്യുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ

105(374) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ നിലവിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ 45 പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്. ഇവയുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവന്ന് സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകൾ, മുൻകാല പ്രവർത്തനങ്ങൾ, നിലവിലെ സ്ഥിതി, ഭാവി പദ്ധതികൾ എന്നിവയെ സംബന്ധിച്ച് മൊത്തത്തിൽ അവലോകനം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളെയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ടി സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിധ്യവത്കരണം, ധനപരമായ പുനഃസംഘാടനം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നത് ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമെ അനുയോജ്യമായ വൈവിധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനിതലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021 ജൂലൈ മാസത്തോടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓരോ പൊതുമേഖലാസ്ഥാപനവും അവരവരുടേതായ രീതിയിലാണ് നിയമനങ്ങൾ നടത്തുന്നതെന്ന വസ്തുത പരിശോധിക്കുവാനും അതിൽ എന്തെങ്കിലും മാറ്റം വരുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾ കമ്പനികൾ നേരിട്ടാണ് നടത്തിവരുന്നത്. പ്രസ്തുത നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്കായി പുതുതായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് അതുവഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിൻ റിഫൈനറി

106(375) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ റിഫൈനറിയെ ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാന ഓഹരി നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം?